
എന്റെ
പള്ളിക്കൂടം
ഹോളിക്രോസ് ഹയർ സെക്കൻഡറി സ്കൂൾ
ചേർപ്പുങ്കൽ
നൂറിന്റെ നിറവിൽ
(1916 - 2016)

എന്റെ പള്ളിക്കൂടം

# തിരികെ



ഡോ: ചാന്ദ്നി മോഹൻ
പൂർവ്വ വിദ്യാർത്ഥിനി
ബയോളജി ബാച്ച് (2004 - 2006)

നഗരപ്രദേശങ്ങളിലാണ് ജനിച്ചു വളർന്നതെങ്കിലും തീർത്തും അന്യമായിരുന്നില്ല ഗ്രാമങ്ങൾ. തറവാടുവീടും പുഴയും എല്ലാം പരിചിതമായിരുന്നെങ്കിലും ആദ്യമായി വീട്ടിൽ നിന്ന് മാറി നിൽക്കുന്നതിന്റെ അങ്കലാപ്പുണ്ടായിരുന്നു മനസ്സിൽ; എന്നെപ്പോലെ തന്നെയായിരുന്നു ബഹുദൂരിപക്ഷവും! പക്ഷേ, സങ്കൽപ്പങ്ങൾക്കുമെല്ലാമപ്പുറം ഒരു ഗ്രാമാന്തരീക്ഷം, പുഴയുടെ തീരത്ത് ഒരു വിദ്യാലയം, എന്റെ, നമ്മുടെ ചേർപ്പുങ്കൽ സ്കൂൾ പഠിച്ചിട്ടുള്ള, പഠിച്ചുകൊണ്ടിരിക്കുന്ന, ഇനി പഠിക്കാൻ പോകുന്ന എല്ലാ തലമുറകൾക്കും അതൊരു വികാരമായിരിക്കും എന്ന് തോന്നുന്നു.

ബസ് ഇറങ്ങി നടക്കാൻ കുറച്ചുണ്ടെങ്കിലും മഞ്ഞിലൂടെ, തണുത്ത കാറ്റേറ്റ്, മീനച്ചിലാറിന്റെ ഭംഗി ആസ്വദിച്ച് നടന്നുള്ള എത്രയോ പുലരികൾ... പാലമിറങ്ങി ചെല്ലുമ്പോൾ ഇരുവശത്തും വരിവരിയായി നിൽക്കുന്ന മരങ്ങൾ. വീട്ടിൽ നിന്നു യാത്ര തിരിക്കുമ്പോൾ എന്നും നോവാണ്. അതിനി എത്ര കാലം കഴിഞ്ഞാലും അങ്ങനെ തന്നെ ആയിരിക്കുമെന്നും തോന്നുന്നു.

പക്ഷേ, അതിനെയൊക്കെ മറികടക്കാൻ ഒരു പരിധിവരെയെങ്കിലും നമ്മുടെ സ്കൂളും പുഴയും എല്ലാം സഹായിച്ചിരുന്നു. എന്തോ, ഇഷ്ടമായിരുന്നു ആ ദിവസങ്ങൾ !

രാവിലെയുള്ള ട്യൂഷൻ ക്ലാസ്സുകൾ, അതു കഴിഞ്ഞ്, പ്രിയപ്പെട്ട കൂട്ടുകാർക്കൊപ്പമുള്ള സ്കൂൾ വരെയുള്ളയാത്ര. യാത്ര എന്നു തന്നെ വേണം വിളിക്കാൻ, കാരണം ഓരോ ദിവസവും ഓരോ യാത്രകളുടെ സംഭാഷണങ്ങളായിരുന്നു. പുതുമ ചോരാതെയുള്ള എത്രയോ ചർച്ചകൾ !

പിന്നെ നമ്മുടെ സ്വന്തം അദ്ധ്യാപകർ; സ്വന്തം തന്നെയായിരുന്നു. ആയിരുന്നു എന്നല്ല. ആണ്; പത്ത് വർഷങ്ങൾക്കിപ്പുറം ഇതെഴുതുമ്പോഴും അതെ ഉറപ്പോടെ തന്നെ പറയട്ടെ, ഈ വിദ്യാലയം ഇതേ നിറവോടെ മനസ്സിൽ എന്നും നില നിൽക്കാനുളള പ്രധാന കാരണങ്ങളിൽ ഒന്ന് തീർച്ചയായും നിങ്ങളാണ് എല്ലാവരും എല്ലായ്പ്പോഴും ഞങ്ങൾക്ക് പ്രിയപ്പെട്ടവരാണ്, ബഹുമാന്യരാണ്.

തിരികെ നടക്കുകയാണ് ആരോ പിന്നിൽ നിന്ന് വിളിക്കുന്നപോലെ, വന്നിടത്തേക്കു തിരിച്ചു പോകാൻ മടിക്കുന്ന മനസ്സിന്റെ സങ്കൽപ്പങ്ങളാണ് ക്ലാസ്സുമുറികൾ നിന്ന് ഇറങ്ങി നിൽക്കാറുള്ള, ചാറ്റൽ മഴയേറ്റു നനയാറുള്ള ഞങ്ങൾക്ക് ഏറെ പ്രിയപ്പെട്ട പുഴയോടു ചേർന്നുള്ള സ്കൂളിന്റെ ഇടനാഴിയിൽ നിൽക്കുന്നു. എനിക്ക് പ്രിയപ്പെട്ടവർ അല്ല, സൂക്ഷിച്ചുനോക്കിയപ്പോൾ കണ്ടു. ഞാനുമുണ്ട് ആ കൂടെ. ഒരിക്കൽ നഷ്ടപ്പെട്ട ആ കാലം തിരികെ പിടിക്കാൻ ശ്രമിക്കുകയാണ് മനസ്സ് ; വഴിയേറെ പിന്നിട്ടു എന്ന് അറിയാമെങ്കിലും ആഗ്രഹിച്ചുപോവുന്നു വെറുതെ, ഒരിക്കൽകൂടി ആ ദിനങ്ങൾ വന്നുചേർന്നിരുന്നെങ്കിൽ....